# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആനക്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: No.KSA PKD-P16/1517 /22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആനക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: No.KSA PKD-P16/1517 /22 തീയ്യതി: 22/07/2022

## പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2020 മുതൽ 31-05-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഇ.ശശിഭൂഷൻ | ഡെപ്യൂട്ടി ഡയറക്ടർ | 01-06-2022 | 09-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 01-06-2022 | 09-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

കെ.ആർ. പ്രകാശ് ബാബു, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)

കെ.വി.രാജൻ, സീനി.ഗ്രേഡ് ഓഡിറ്റർ

കെ.വി.സന്ദീപ്,ഓഡിററർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സിന്ധു രവീന്ദ്രകുമാർ | പ്രസിഡന്റ് | 01-04-2020 | 10-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 11-11-2020 | 29-12-2020 |
| കെ.മുഹമ്മദ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| എൻ.ശ്രീദേവി | സെക്രട്ടറി | 01-04-2020 | 16-10-2020 |
| കെ.ജയചന്ദ്രൻ | സെക്രട്ടറി-**ഇൻ**-ചാർജ്ജ് | 17-10-2020 | 31-10-2020 |
| എൻ.ശ്രീദേവി | സെക്രട്ടറി | 01-11-2020 | 04-02-2021 |
| സൽമാബീവി പി.എസ് | സെക്രട്ടറി | 05-02-2021 | 28-02-2021 |
| ഇ.എൻ.ഹരിനാരായണൻ | സെക്രട്ടറി | 01-03-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുരേന്ദ്രൻ എം.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| നജീബ കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-10-2020 |
| ബിന്ദു സി.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2020 | 31-03-2021 |
| എ.പി.നീസാർ | വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| സ്മിത എസ് | ലേഡി വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-04-2020 | 14-04-2020 |
| ഒഴിവ് | ലേഡി വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 15-04-2020 | 31-12-2020 |
| സരിത കെ.പി. | ലേഡി വില്ലേജ് എകസ്റ്റൻഷൻ ഓഫീസർ | 01-01-2021 | 31-03-2021 |
| കൃഷ്ണകുമാർ കെ | അസി.സെക്രട്ടറി | 01-04-2020 | 22-06-2020 |
| സന്തോഷ് കെ.എഫ് | അസി.സെക്രട്ടറി | 23-06-2020 | 11-09-2020 |
| ഒഴിവ് | അസി.സെക്രട്ടറി | 12-09-2020 | 06-10-2020 |
| മോഹൻദാസ് ജി | അസി.സെക്രട്ടറി | 07-10-2020 | 20-10-2020 |
| ഒഴിവ് | അസി.സെക്രട്ടറി | 21-10-2020 | 22-11-2020 |
| അജിത് കുമാർ | അസി.സെക്രട്ടറി | 23-11-2020 | 02-03-2021 |
| രാജേഷ് എസ് | അസി.സെക്രട്ടറി | 03-03-2021 | 31-03-2021 |
| ഡോ.രജിന എം.കെ | മെഡിക്കൽ ഓഫിസർ(പി.എച്ച്.സി) | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ഡോ.സുജിത് | മെഡിക്കൽ ഓഫിസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.അബ്ദുൾ ബഷീർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.എ.സി.ഡേവിഡ് | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ജി.വി.രവി | ഹെഡ് മാസ്റ്റർ,ജി.എൽ.പി.എസ് | 01-04-2020 | 31-03-2021 |
| നസീമ ഇ.എം | അസി.എഞ്ചിനീയർ | 01-04-2020 | 01-10-2020 |
| രേഷ്മ രമേഷ് | അസി.എഞ്ചിനീയർ | 02-10-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-2 |
| 3 | വാർഷികകണക്കുകളിലെ അപാകതകൾ<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-5 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: K.V.Rajan (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-6 |
| 8 | ക്യാഷ് പരിശോധന<br>Written By: Sandeep KV (Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-7 |
| 9 | തൊഴിലുറപ്പ് പദ്ധതി<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-10 |
| 12 | തൊഴിൽ നികുതി രേഖകളുടെ പരിശോധന അപാകതകൾ<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-11 |
| 13 | ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷകളിൽ സമയ ബന്ധിതമായി നടപടികളെടുക്കുന്നില്ല.<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-12 |
| 14 | വാടക സംബന്ധിച്ച്<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-13 |
| 15 | ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ<br>Written By: Sandeep KV (Auditor, On 27-06-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-14 |
| 16 | പുഞ്ചകൃഷി പുനരാരംഭിച്ചത് അഭിനന്ദനാർഹം<br>Written By: K.V.Rajan (Senior Grade Auditor, On 01-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-15 |
| 17 | സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി - അധികം തുക അനുവദിച്ചു | 1-16 |

| | | |
|---|---|---|
| | Written By: K.V.Rajan (Senior Grade Auditor, On 01-07-2022)<br>Last Updated By: K.V.Rajan (Senior Grade Auditor, On 03-07-2022) | |
| 18 | വിള സംഭരണ വിതരണ കേന്ദ്രം--പദ്ധതി ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു<br>Written By: K.R.Prakashbabu (Audit Officer, On 04-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-17 |
| 19 | സുഭിക്ഷകേരളം പദ്ധതി - റെയ്ഡ്കോയിൽ നിന്നുള്ള വാങ്ങൽ ക്രമ പ്രകാരമല്ല<br>Written By: K.V.Rajan (Senior Grade Auditor, On 01-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-18 |
| 20 | ക്ഷീര വികസന മേഖലയിൽ പ്രൊജക്ടുകൾ നിർവ്വഹണം നടത്തിയില്ല<br>Written By: Sandeep KV (Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-19 |
| 21 | ബയോബിൻ വാങ്ങൽ - ജി എസ് ടി- ടി.ഡി. എസ് കിഴിവ് ചെയ്തില്ല<br>Written By: K.V.Rajan (Senior Grade Auditor, On 01-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 1-20 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - അധികമായി അനുവദിച്ച തുക രൂ.2774.00 തിരികെ ഈടാക്കണം<br>Written By: K.V.Rajan (Senior Grade Auditor, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 3-1 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: K.R.Prakashbabu (Audit Officer, On 03-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: K.R.Prakashbabu (Audit Officer, On 03-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: K.R.Prakashbabu (Audit Officer, On 04-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: K.R.Prakashbabu (Audit Officer, On 04-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: K.R.Prakashbabu (Audit Officer, On 04-07-2022)<br>Last Updated By: Haseena KU (Computer Assistant, On 15-07-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: K.R.Prakashbabu (Audit Officer, On 04-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: K.R.Prakashbabu (Audit Officer, On 04-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 22-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം. | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 23/03/2020 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. വാർഷിക ബജറ്റ് പുതുക്കി അംഗീകാരം നേടിയിട്ടില്ല. ബജറ്റ് വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 1860000 | 212875000 | 214735000 | 213182000 | 1553000 |

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 19-05-2021 |

### 1-2-1 വാർഷികകണക്കുകളിലെ അപാകതകൾ

1) ആസ്തി രജിസ്റ്റർ രേഖപ്പെടുത്തൽ വരുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-11- പത്രികകൾ പ്രകാരമുള്ള ആസ്തികളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

2) വാർഷിക കണക്ക് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്,കളക്ഷൻ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

3) NREGA-അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും മുൻകൂർ നൽകിയിരുന്ന തുകകൾ NREGA യുടെ തൻവർഷത്തെ വരവിൽ നിന്നും ചെലവിൽ ഉൾപ്പെടുത്തി കാണിക്കാതെ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് വകയിരുത്തി.

4)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക , എ.ഇ.ലഭ്യമാക്കിയ പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5)ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കിട്ടില്ലത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാദ്ധ്യമല്ല.

6)ബാലൻസ് ഷീറ്റിൽ ബി-4 ഷെഡ്യൂളിൽ പ്രത്യേക പദ്ധതികൾക്കായി ലഭിച്ചിരിക്കുന്ന തുകകൾ ചെലവഴിക്കാതെ തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

7)തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. (ഷെഡ്യൂൾ I-16)

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17059402 |
| വരവ് | 79235107 |
| ആകെ | 96294509 |
| ചെലവ് | 82784790 |
| നീക്കിയിരിപ്പ് | 13509719 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 11853629 | 11853629 | 11850284 | 3345 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 14876579 | 14876579 | 13639725 | 1236854 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 15676000 | 15676000 | 15363249 | 312751 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ-റോഡ് (ACR പ്രകാരം) | 0 | 4026855 | 4026855 | 3272607 | 754248 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(tied Fund) | 0 | 4280000 | 4280000 | 1159433 | 3120567 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-(untied Fund) | 0 | 3120567 | 3120567 | 2869681 | 5949839 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | | | |
| TSC | 0 | 160000 | 160000 | 160000 | 0 |
| ICDS | 328482 | 509201 | 837683 | 1092346 | 911627 |
| MGNREGS | 1694 | 35368074 | 35369768 | 35356044 | 13724 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 361 | 125743820 | 274 | 63088884 | 0 | 87 | 75.90 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 8205719 | 7111802 | 86.66 |
| വി.ഇ.ഒ-I | 8 | 6 | 33064069 | 4777774 | 14.45 |
| വി.ഇ.ഒ-II | 14 | 10 | 15086232 | 8022280 | 53.17 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 4486800 | 3689608 | 82.23 |
| സെക്രട്ടറി | 26 | 16 | 6659041 | 3748115 | 56.28 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 261 | 200 | 45362432 | 26599587 | 58.63 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-PHC | 6 | 5 | 2020000 | 1196646 | 59.23 |
| മെഡിക്കൽ ഓഫീസർ-ISM | 2 | 2 | 775000 | 770351 | 99.40 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 2 | 2 | 275000 | 275000 | 100 |
| അസി.സെക്രട്ടറി | 12 | 9 | 5990887 | 4508328 | 75.25 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 4508328 | 876343 | 19.43 |
| ഹെഡ് മാസ്ററർ | 8 | 4 | 2254600 | 1513050 | 67.10 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 300000 | 300000 | 0 |
| ആകെ | 361 | 274 | 125743820 | 63088884 | 50.17 |

## 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3502100 | 923 |
| വിധവാപെൻഷൻ | 19041700 | 2760 |
| വാർദ്ധക്യകാല പെൻഷൻ | 34817100 | 5768 |
| വികലാംഗപെൻഷൻ | 4700000 | 816 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 1583200 | 241 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01/06/2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2479/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി | 0 | 33806431 | 33806431 | 33806431 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1694 | 1561643 | 1563337 | 1549613 | 13724 |

## 1-9 ആഭ്യന്തരനിയന്ത്രണം

1. ഗ്രാമ പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3.സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പ് വെച്ച് ആധികാരികമാക്കുന്നില്ല.

4. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല

പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുമായുള്ള കരാറിന് പകരം വെറും ഒപ്പിട്ട മുദ്രപത്രങ്ങൾ മാത്രമാണ് കാണുന്നത്.

5. ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

6. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

10.ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല. വർക്കിംങ് ഗ്രൂപ്പുകൾ ഒന്നിച്ച് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പദ്ധതി മോണിറ്ററിംങ് നടന്നതിന്റെ രേഖകൾ ലഭ്യമല്ല.

11.എസ്.സി.പി മേഖലയിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷണ കമ്മറ്റികൾ രൂപീകരിക്കുന്നതിനും നടപടിയില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാല യളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുത രമായ ഓഡിറ്റ് പരാമർ ശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26-5-2022 | 4/2022 | 26-5-2022 | ഇല്ല |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09-07-2003 | 1997-98 മുതൽ 2002-03 വരെ | 10-9-2003 | ഇല്ല |

## 1-11 തൊഴിൽ നികുതി രേഖകളുടെ പരിശോധന അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. പാഞ്ചായത്തിന്റെ തൊഴിൽ നികതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1-തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി അടവാകാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ നൽകുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | വള്ളുവനാട് അൺ ഓർഗനൈസ്ഡ് ബോർഡ് | II |

| | | |
|---|---|---|
| | വെൽഫെയർ സൊസൈറ്റി | അർദ്ധവർഷം |
| 2 | ആനക്കര ഗ്രാമ പഞ്ചായത്ത് | II അർദ്ധവർഷം |

2-റേഷൻ കട നടത്തിപ്പുകാർ , പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ നടത്തിപ്പുകാർ, പഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്ന കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായികാണുന്നില്ല. ആയതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

എഗ്രിമെന്റ് രജിസ്റ്റർ പ്രകാരമുള്ള കരാറുകാരുടെ വിവരം ചുവടെ ചേർക്കുന്നു .

| ക്രമ നം. | 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേര് |
|---|---|
| 1 | ഹമീദ് ടി എം |
| 2 | പി വേണുഗോപാൽ |
| 3 | പി കെ സുലൈമാൻ |
| 4 | മുഹമ്മദ് അലി ഷൈജ |
| 5 | കമറുദ്ധീൻ എ വി |
| 6 | യൂസഫ് സി കെ |
| 7 | മൂസക്കുട്ടി സി എം |
| 8 | എം കെ മുരളീധരൻ |
| 9 | എൻ രവീന്ദ്രൻ |
| 10 | അബ്ദുൽ സത്താർ |
| 11 | കെ കെ ഷാജി |
| 12 | ഉണ്ണികൃഷ്ണൻ |
| 13 | ടി കെ രാജൻ |
| 14 | യു വി സിദ്ധിഖ് |
| 15 | കെ സക്കീർ |

3-സ്ഥാപന നികുതി അടവാത്ത സ്ഥാപനങ്ങളുടെ വിവരം ചുവടെ നൽകുന്നു

*ആനക്കര കോ ഓപ്പറേറ്റീവ് ബാങ്ക്

*കാനറ ബാങ്ക്

*വള്ളുവനാട് അൺ ഓർഗനൈസ്ഡ് ബോർഡ് വെൽഫെയർ സൊസൈറ്റി

*കെ എസ് ഇ ബി കമ്പിടി

*സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

* ആനക്കര മാർക്കന്റെയിൻ സഹകരണ സംഘം

മേൽ വിഷയങ്ങളിന്മേൽ മറുപടി/ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 2/7.06.2022)

1-12 ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷകളിൽ സമയ ബന്ധിതമായി നടപടികളെടുക്കുന്നില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-2019 (ജി.ഓ(പി) നം.78/2019/ത.സ്വ.ഭ.വ തീ.02.11.2019

പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൽ 30 ദിവസത്തിനകം നടപടിയെടുക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമ്മിറ്റ് അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ, താഴെ പറയുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ എടുത്തതായി കാണുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ ക്രമ നമ്പർ | അപേക്ഷ കന്റെ പേര് | അപേക്ഷ സമർ പ്പിച്ചത് | അപേക്ഷ യുടെ തരം | പെർമിറ്റ് നൽകിയത് |
|---|---|---|---|---|
| 1 | റഹ്മത് | A3 1595/2020 27-04-20 | - | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 9 | സൈദാലിക്കുട്ടി | A3 2459/2020 06-07-20 | - | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 45 | ജാഫർ സാദിഖ് | A3 4895/2020 03-12-20 | പാർപ്പിടം | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |
| 66 | മണികണ്ഠൻ | A3 237/2021 15-07-21 | - | നാളിതുവരെ നൽകിയിട്ടില്ല. നിരസിച്ചതായോ,മടക്കി നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല |

അപേക്ഷകളിൽ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ-പ്രകാരം സമയ സമയബന്ധിതമായി നടപടികൾ എടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്ന് താല്പര്യപ്പെടുന്നു.

മേൽ വിഷയങ്ങളിന്മേൽ മറുപടി/ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 5/9.06.2022)

## 1-13 വാടക സംബന്ധിച്ച്

1.വാടകയുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 5 മുറികൾ വാടകക്ക് നൽകുകയും എന്നാൽ പഞ്ചായത്ത് വാടകയുമായി ബന്ധപ്പെട്ട് ബൈലോ തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ വകുപ്പ് 256, 1995 ലെ കേരള പഞ്ചായത്ത് രാജ് (ബൈലോകൾ ഉണ്ടാക്കാനുള്ള നടപടി ക്രമം) ചട്ടങ്ങൾ ചട്ടം 3 (5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെയോ സർക്കാരിനാൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെയോ അംഗീകാരം ലഭ്യമാക്കേണ്ടതാണ്. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്. വിശദീകരണം നൽകുവാൻ താൽപ്പര്യപ്പെടുന്നു. മുറികൾ വാടകക്കു നൽകുന്നത് സംബന്ധിച്ച നിയമാവലി തയ്യാറാക്കി സർക്കാരിൽ നിന്നും (അധികാരപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും)

അംഗീകാരം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക രജിസ്റ്റർ പ്രകാരം വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | വാടകക്കാരന്റെ പേര് |
|---|---|---|
| 1 | 15/147A | അബ്ദുൾ ജബാർ |
| 2 | 15/147B,C | മുഹമ്മദ് മൊയ്തുദീൻ |
| 3 | 15/147D | നിഫ ബാലൻ |
| 4 | 15/147E | ഇബ്രാഹീംകുട്ടി |
| 5 | 15/147F | അഗ്രികൾച്ചർ ഓഫീസർ |

മേൽ വിഷയങ്ങളിന്മേൽ മറുപടി/ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 4/7.06.2022)

## 1-14 ലൈസൻസ് പരിശോധനയിൽ കണ്ട അപാകതകൾ

1.ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യാടിസ്ഥാനത്തിലുള്ള 1467 സ്ഥാപനങ്ങൾ ഉള്ളതായി കാണുന്നു എന്നാൽ ലൈസൻസ് രജിസ്റ്ററിൽ 387 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. ആയതിനാൽ ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല.
വിശദീകരണം നൽകേണ്ടതാണ്

2.റേഷൻ കടകൾ , കള്ളു ഷോപ്പുകൾ എന്നിവരിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല .

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും (പട്ടിക 1 ക്രമനം 149) അബ്കാരി ഷോപ്പുകളെയും (പട്ടിക 1 ക്രമനം 139) ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൻ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ , കള്ളു ഷോപ്പുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.

4.ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക 5 ൽ ക്ലിയറൻസ് ആവശ്യമായ വ്യവസായങ്ങളായി ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്നവയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾക്ക് ക്ലിയറൻസ് ലഭ്യമാക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഏതാനും സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്ററിലെ ക്രമനം. | അപേക്ഷകൻ | സ്ഥാപനം |
|---|---|---|---|
| 1 | 156 | നിസാർ പന്നിക്കഴായിൽ | തലശ്ശേരി ഹോട്ടൽ |
| 2 | 157 | നിസാർ പന്നിക്കഴായിൽ | ഫുഡ് പാലസ് |
| 3 | 162 | രാജൻ കുന്നത്ത്വളപ്പിൽ | ശ്രീ വിനായക |

മേൽ പറഞ്ഞ വിഷയങ്ങളിൽ ഉചിതമായ നടപടി എടുത്ത് ഓഡിറ്റിന് അറിയിക്കേണ്ടതാണ്.
മേൽ വിഷയങ്ങളിന്മേൽ മറുപടി/ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 3/7.06.2022)

1-15 പുഞ്ചകൃഷി പുനരാരംഭിച്ചത് അഭിനന്ദനാർഹം

പ്രൊ.നം.435/21-പുഞ്ചകൃഷിക്ക് നെൽവിത്ത് വിതരണം

നിർവ്വഹണ ഉദ്യോഗസ്ഥൻ -കൃഷി ഓഫീസർ

അടങ്കൽ -രൂ.150000.00(വികസന ഫണ്ട് )

ചെലവ് -രു.87600.00 (ബിൽ നം21/തീ.20.3.21രൂ.62400.00 + ബിൽ നം.22/തീ.23.3.21 രൂ.25200.00)

ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ മുടങ്ങി കിടന്നിരുന്ന പുഞ്ചകൃഷി 25 വർഷത്തിന് ശേഷം പുനരാരംഭിക്കുവാൻ മേൽ പ്രൊജക്ട് പ്രകാരം കഴിഞ്ഞിട്ടുണ്ട്. കാലവർഷത്തിന് മുൻപ് വിളവെടുക്കാനാവുന്നതും, നൂറ് ദിവസം കൊണ്ട് മൂപ്പെത്തുന്നതുമായ 'മനുരത്ന' നെൽവിത്ത് കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തിയിലുള്ള അഗ്രികൾച്ചർ റിസർച്ച് സ്റ്റേഷനിൽ നിന്നും വാങ്ങി

കർഷകർക്ക് സബ്സിഡി നിരക്കിൽ ഈ പ്രൊജക്ട് പ്രകാരം വിതരണം നടത്തിയിരുന്നു.

ഉൽപാദന മേഖലയിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഈ പ്രൊജക്ട് മാതൃകാപരവും പ്രൊജക്ട് നിർവ്വഹണത്തിന് നേതൃത്വം നൽകിയ കൃഷിഭവൻ ജീവനക്കാരുടെ സേവനം അഭിനന്ദനാർഹവുമാണ്.

1-16 സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - അധികം തുക അനുവദിച്ചു

പ്രൊജക്ട് നമ്പർ 104/21-ലൈഫ് ഫേസ് 3-ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ

അടങ്കൽ :64 ലക്ഷം

ചെലവ്- രൂ.2922774.00

നിർവഹണം-എൽ വി ഇ ഒ

മേൽ പ്രൊജക്ടിലെ ഗുണഭോക്താവായ ശ്രീമതി.ജലജ W/o.ഉണ്ണികൃഷ്ണൻ, കുന്നത്ത് വളപ്പിൽ, കുമ്പിടി എന്ന ഗുണഭോക്താവിന് അധികമായി അനുവദിച്ച 2774.00 രൂപ അനുവദിച്ചിട്ടുണ്ട്.ഈ തുക തിരികെ ഈടാക്കേണ്ടതാണ്. ( വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്).

1-17 വിള സംഭരണ വിതരണ കേന്ദ്രം--പദ്ധതി ലക്ഷ്യം കൈവരിക്കാതെ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ മുൻവശത്തായി പഞ്ചായത്ത് വക സ്ഥലത്ത് നിർമ്മിക്കാൻ ഉദ്ദേശിച്ച കാർഷിക വിള സംഭരണ വിതരണ കേന്ദ്രംപദ്ധതിയുടെ ഫണ്ട്/ചെലവ് വിശദാംശങ്ങൾ താഴെപറയും പ്രകാരമാണ്.

SO-184/18-19-- അടങ്കൽ 21 ലക്ഷം, ചെലവ് -0

SO-275/19-20--അടങ്കൽ 21 ലക്ഷം(ബ്ലോക്ക് വിഹിതം-1000000/- തനത് ഫണ്ട്-1100000/-)

ചെലവ്- 410117 (ബ്ലോക്ക് വിഹിതം)

SO-295/20-21 – അടങ്കൽ-16,89,883/-

(ബ്ലോക്ക് വിഹിതം-589883,തനത് ഫണ്ട്-1100000/-)

ചെലവ്- 589883 (ബ്ലോക്ക് വിഹിതം), 901983 (തനത് ഫണ്ട്)

നാളിതുവരെ ആകെ ചെലവ്-1901983/-

കരാറുകാരൻ-എ.പി.യാസിർ

എം.ബുക്ക് നം.43/18-19

കരാർ നം. 118/AE/LSGD/ANK/19-20 Dt.01-03-2019



ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടം പദ്ധതി ലക്ഷ്യം കൈവരിക്കാതെ അടഞ്ഞുകിടക്കുന്നതായി ഓഡിറ്റിന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു.

പ്രസ്തുത കെട്ടിടം പദ്ധതി ആവശ്യങ്ങൾക്കായി ഉപയോഗിക്കാതെ അടഞ്ഞുകിടക്കുന്നതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല തുടർ വർഷങ്ങളിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് പ്രോജക്ടുകൾ വച്ചിട്ടുമില്ല.

ഭൗതികനേട്ടം കൈവരിക്കാതെ കേവലം ചെലവ് നിർവ്വഹണം നടത്തുന്നത് ഫണ്ട് ദുർവ്വിനിയോഗം മാത്രമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ആയതിനാൽ ഇക്കാര്യത്തിൽ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിച്ച് കെട്ടിടം പദ്ധതി ലക്ഷ്യത്തിന് ഉപയുക്തമാക്കണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

### 1-18 സുഭിക്ഷകേരളം പദ്ധതി - റെയ്ഡ്ക്കോയിൽ നിന്നുള്ള വാങ്ങൽ ക്രമ പ്രകാരമല്ല

പ്രൊജക്ട് നമ്പർ- 387/21 – സുഭിക്ഷകേരളം

അടങ്കൽ : രൂ.680000.00 (തനത് ഫണ്ട്)

ചെലവ്- രൂ.468875.00( തനത് ഫണ്ട്- ചെക്ക് നം 51866649/2.2.21 )

നിർവഹണം-കൃഷി ഓഫീസർ

പതിമൂന്നാം പദ്ധതി സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങളുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം. 22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 യിലെ ഖണ്ഡിക 6.1(4) പ്രകാരം നെല്ല്, പച്ചില വളം, വിത്തുകൾ മുതലായവ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ എന്നിവയിൽ നിന്നും വാങ്ങുമ്പോൾ യഥാർത്ഥ വില നൽകുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

ഇതിനു വിരുദ്ധമായി കിഴങ്ങു വർഗ്ഗ വിളകളുടെ കിറ്റ് വിതരണത്തിനായി 200 കിറ്റും , തെങ്ങ്, പ്ലാവ്,മാവ് മുതലായവയുടെ കുടത്തൈകൾ 500 എണ്ണവും റെയിഡ്ക്കോയിൽ നിന്നും നേരിട്ട് വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. ( ഇൻവോയ്സ് നം TIR/423/20-21 Dtd 22.3.21Rs.150000.00 & TIR/424/20-21 Dtd 22.3.21-Rs.100000.00 )
സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്കു വിധേയമായി പ്രൊജക്റ്റുകളുടെ നിർവ്വഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-19 ക്ഷീര വികസന മേഖലയിൽ പ്രൊജക്റ്റുകൾ നിർവ്വഹണം നടത്തിയില്ല

സർക്കാർ ഉത്തരവ് കൈ) നം.11/2018/തസ്വഭവ, തീയതി 29.1.2018 – വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ ഖണ്ഡിക 7.2 ൽ ക്ഷീര വികസന മേഖലയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്റ്റുകൾ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ കൂടല്ലൂർ, കുമ്പിടി എന്നിവിടങ്ങളിൽ ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുകയും നിരവധി ക്ഷീരകർഷകർ പാലളക്കുകയും ചെയ്യുന്നുണ്ട്.

ആനക്കര ഗ്രാമ പഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന പ്രൊജക്ട് ക്ഷീര വികസന മേഖലയിൽ ആവിഷ്ക്കരിച്ച് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്.

പ്രൊ.നം.168/21-പാലിന് സബ്സിഡി

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ -രൂ.300000.00(വികസന ഫണ്ട് )

എന്നാൽ നിർവ്വണ ഉദ്യോഗസ്ഥൻ പ്രൊജക്ട് നടപ്പാക്കി, ക്ഷീര കർഷകർക്ക് അർഹമായ ആനുകൂല്യങ്ങൾ നൽകിയിട്ടില്ല.

വരും വർഷങ്ങളിൽ വാർഷിക പദ്ധതിയിൽ ക്ഷീര വികസന മേഖലക്ക് അർഹമായ ഫണ്ട് വകയിരുത്തി, പ്രൊജക്റ്റുകൾ തയ്യാറാക്കി നിർവ്വഹണം നടത്തുണ്ടെന്ന് ഭരണ സമിതി ഉറപ്പുവരുത്തേണ്ടതാണ്.

### 1-20 ബയോബിൻ വാങ്ങൽ - ജി എസ് ടി- ടി.ഡി. എസ് കിഴിവ് ചെയ്തില്ല

പ്രൊജക്ട് നമ്പർ നം. 402/21 ബയോ ബിൻ വിതരണം

അടങ്കൽ :രൂ.576000.00( ശുചിത്വ മിഷൻ ഗ്രാൻറ് 518400.00+ ഗുണഭോക്തൃ വിഹിതം -57600.00)

ചെലവ്- രൂ.576000.00( ശുചിത്വ മിഷൻ ഗ്രാൻറ് 518400.00 + ഗുണഭോക്തൃ വിഹിതം -57600.00)

നിർവഹണം- വി ഇ ഒ

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ 28-ാം

ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം- റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സർക്കുലർ നം.ഡി.എ1/87/2019/തസ്വ.ഭ.വ തീ 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന ടി,ഡി,എസ്, സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന്, സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ തീ 08.09.2020 ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി ഡി ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS DEDUCTOR രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ടി ഡി എസ് കിഴിവ് വരുത്തേണ്ടതുമാണെന്ന് വ്യവസ്ഥ ചെയ്തു.

മേൽ പ്രൊജക്ടിനായി ഐ ആർ ടി സി , മുണ്ടൂർ എന്ന സ്ഥാപനത്തിൽ നിന്നുള്ള താഴെ പറയുന്ന വാങ്ങലുകളിന്മേൽ നിയമാനുസൃതം ഈടാക്കേണ്ടുന്ന 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

| ക്രമ നം. | ഇൻവോയിസ് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 323245 | 25.2.21 | 576000.00 |
| | | ആകെ | 576000.00 |

ജി.എസ്.ടി ടി.ഡി.എസ് നടത്താത്ത സാഹചര്യത്തിൽ അനുവദിച്ച മുഴുവൻ തുകയ്ക്കും ആനുപാതികമായ ജി.എസ്.ടി സ്ഥാപനം ഒടുക്കിയിട്ടുണ്ടെന്ന് രേഖകൾ ലഭ്യമാക്കി ഉറപ്പു വരുത്തേണ്ടതാണ്. കരാറിന്റെ മൂല്യം 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന വാങ്ങലുകളിൽ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവു ചെയ്ത് സർക്കാരിലേക്ക് അടവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി - അധികമായി അനുവദിച്ച തുക രൂ.2774.00 തിരികെ ഈടാക്കണം

പ്രൊജക്ട് നമ്പർ 104/21-ലൈഫ് ഫേസ് 3-ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങൽ

അടങ്കൽ :64 ലക്ഷം

ചെലവ്- രൂ.2922774.00

നിർവഹണം-എൽ വി ഇ ഒ

മേൽ പ്രൊജക്ടിലെ ഗുണഭോക്താവായ ശ്രീമതി.ജലജ W/o.ഉണ്ണികൃഷ്ണൻ, കുന്നത്ത് വളപ്പിൽ, കുമ്പിടി എന്ന ഗുണഭോക്താവിന് നൽകിയ ധനസഹായങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അനുവദിച്ച ഗഡു | ബിൽ തിയ്യതി | ക്രെഡിറ്റ് ചെയ്ത ബാങ്ക് അക്കൗണ്ട് നമ്പർ | തുക |
|---|---|---|---|---|
| 1 | ഒന്ന് | 7.1.21 | 67170532114 | 40000.00 |

| | | | | |
|---|---|---|---|---|
| 2 | രണ്ട് | 19.3.21 | 67170532114 | 102774.00 |
| 3 | മൂന്ന് | 30.3.21 | 67170532114 | 60000.00 |
| 4 | നാല് | 14.6.21 | 67170532114 | 100000.00 |
| 5 | അഞ്ച് | 17.8.21 | 67170532114 | 60000.00 |
| 6 | ആറ് | 29.9.21 | 67170532114 | 40000.00 |
| | | | ആകെ | 402774.00 |

സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് പരമാവധി നൽകാവുന്ന ധനസഹായം 4 ലക്ഷം രൂപയാണ്. രണ്ടാം ഗഡു ആയ 1 ലക്ഷം നൽകുന്നതിനു പകരം 19.3.21 തീയതിയിൽ രൂ.102774.00 നൽകിയതിനാൽ ഈ ഗുണഭോക്താവിന് ആകെ 402774.00 രൂപ നൽകിയിട്ടുണ്ട്. അധികമായി അനുവദിച്ച 2774.00 രൂപ ഗുണഭോക്താവിൽ നിന്നോ / ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 5/6/2021 | വിശദാംശങ്ങൾക്ക് അനുബന്ധം 1 കാണുക |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| | 2020-21 | 398878 | ലൈഫ് മിഷൻ തുക വക യിരുത്തൽ-ജനറൽ (275 /20-21) | 398878 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1214 | ലൈഫ് മിഷൻ തുക വക യിരുത്തൽ-ജനറൽ (273 /20-21) | 1214 | 0 |
| | 2020-21 | 1323037 | ലൈഫ് മൂന്നാം ഘട്ടം-ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം നൽകൽ (104/20-21) | 402774 | 920263 |
| | 2020-21 | 968254 | ലൈഫ് മിഷൻ തുക വക യിരുത്തൽ -SC (108/20-21) | 968254 | 0 |
| | 2020-21 | 340000 | നെൽ കൃഷി ഉഴവുകൂലി (ജനറൽ) | 340000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | (203/20-21) | | |
| | 2020-21 | 512224 | നെൽ കൃഷി ഉഴവുകൂലി (ജനറൽ)<br>( 125/20-21) | 512224 | 0 |
| | 2020-21 | 100000 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന<br>വർക്ക് ധന സഹായം -(181/20-21) | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 640000 | നെൽ കൃഷി ഉഴവുകൂലി (ജനറൽ)<br>(203/20-21) | 640000 | 0 |
| | 2020-21 | 9508 | ലൈഫ് മിഷൻ തുക വക യിരുത്തൽ-ജനറൽ<br>(273 /20-21) | 9508 | 0 |
| | 2020-21 | 487675 | ലൈഫ് മൂന്നാം ഘട്ടം-ഭൂരഹിത ഭവനര ഹിതർക്ക് സ്ഥലം നൽകൽ (104/20-21) | 487675 | 0 |
| | 2020-21 | 1797654 | ലൈഫ് മിഷൻ തുക വക യിരുത്തൽ -SC (108/20-21) | 1797654 | 0 |
| | 2020-21 | 281273 | ലൈഫ് മിഷൻ തുക വക യിരുത്തൽ -SC (279/20-21) | 233492 | 47781 |
| | | 589883 | വിള സംഭരണ വിതരണ കേന്ദ്രം (295/20-21) | 589883 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ബിൽ നം. / തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റി | 2021075200 3200197172/ | 137384 | 137384 |

| | | | | |
|---|---|---|---|---|
| | സ്ഥാപിക്കൽ (248/20-21) | 11-4-2020 | | |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (112/20-21) | 202107520 03201329879/ 20-3-2021 | 150000 | 150000 |
| KWA | പൈപ്പ് ലൈൻ നീട്ടൽ --SC (202/20-21) | 2021075200 3200031547/ 11-4-2020 | 250000 | വിനിയോഗ സാക്ഷ്യ പത്രം ലഭ്യമല്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 332325 വരവൊന്നമില്ല. തൻവർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക - മുതൽ | തൻ വർഷം തിരിച്ചടച്ച തുക - പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KURDFC ലൈഫ് പദ്ധതി ലോൺ | ലഭ്യമല്ല | 3018158 | 9892645 | 7001145 | - | 5909658 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ --ഒന്നമില്ല--

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തൻവർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 17059402 |
| ഓഡിറ്റ് വർഷത്തെ വരവ് | 79235107 |

| | |
|---|---|
| ആകെ | 96294509 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 82784790 |
| നീക്കിയിരിപ്പ് | 13509719 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2774/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജജ് ഇനത്തിലെ തുക | സർചാർജജ് ഇനത്തിലെ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 2774 | സരിത കെ.പി, ലേഡി വില്ലേജ് എക്സ്ടൻഷൻ ഓഫീസർ |

(സി). ഭാഗം 1 പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം-

ഒന്നുമില്ല

ഡി.ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല

(ഇ) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-20 കാണുക

(എഫ്) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ജി)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സരിത കെ.പി,ലേഡി വില്ലേജ് എക്സ്ടൻഷൻ ഓഫീസർ | സരിത കെ.പി, ലേഡി വില്ലേജ് എക്സ്ടൻഷൻ ഓഫീസർ, ആനക്കര ഗ്രാമ പഞ്ചായത്ത് | കാരോട്ട് പറമ്പിൽ വീട്, കമരനെല്ലൂർ പി.ഒ., പാലക്കാട് ജില്ല. പിൻ-679552 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP11-1491/97 Dt.14.11.2008 | FR |
| 1997-98 | LF.P11-1492/97 Dt.14.11.2008 | FR |
| 1998-99 | LF.P11/20678/12 04-04-12 | FR |
| 1999-00 | LF.P11/759/09/ 07-12-09 | FR |
| 2000-01<br>2001-02 | LF.P/20/6513/12 -04-12 | FR |
| 2002-03 | LF.P /20 679/ (1) 12 - 21-08-13 | FR |
| 2003-04 | LF./20/679/(2)/12 19-08-13 | FR |
| 2004-05 | LF.P/20/679/(3)/ 17-08-13 | FR |
| 2005-06 | LF.P/20/679/(4)/13- 17-09-12 | FR |
| 2006-07<br>2007-08<br>2008-09 | LF.P/20/1699/11(2)/ 12-04-12 | FR |
| 2009-2010<br>2010-2011 | LFP20/1003/13/ 03-12-13 | FR |
| 2011-12 | L.FP20/752/2014/ 08-08-14 | FR |
| 2012-13 | KSA-PKD-20-231-15 | FR |
| 2013-14<br>2014-15 | KSA-PKD-20/1092/16 | FR |
| 2015-16 | KSA-PKD20/ 2289 /2016 Dt.31-12-2016 | FR |
| 2016-17 | KSA-PKD-20/ 1762 /2017 Dt.6-10-2017 | FR |
| 2017-18 | KSA-PKD-20-787/2019 Dt.20-6-19 | FR |
| 2018-19 | KSA-PKD-20-111 Dt.27.02.2021 | Audit Report |
| 2019-20 | KSA-PKD-16-1485/22 Dt.22.07.2022 | Audit Report |

അവശേഷിക്കുന്ന തടസ്സവാദങ്ങൾ തീർപ്പാക്കുന്നതിന് അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ ആനക്കര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം.

| | Anakkara Grama Panchayat<br>BALANCE SHEET | | |
|---|---|---|---|
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 18978147.35 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or<br>Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 28569010.00 |
| | Total Reserve & Surplus | | 47547157.35 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 5425819.00 |
| | Total Grants, Contributions for Specific Purposes | | 5425819.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 5909658.00 |
| | Total Loans | | 5909658.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1790618.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3314661.65 |
| | Total Current Liabilities and Provisions | | 5105279.65 |
| | TOTAL LIABILITIES | | 63987914.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 44314500.00 |
| 411000000 | Accumulated Depreciation | B-11 | -7339694.00 |
| 412000000 | Capital Work in Progress | B-11(a) | 579376.00 |
| | Total Fixed Assets | | 37554182.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 13700.00 |
| | Total Investments | | 13700.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5590118.00 |
| 440000000 | Pre-paid Expenses | B-16 | 5909658.00 |
| 450000000 | Cash and Bank Balance | B-17 | 13509719.00 |
| 460000000 | Loans, Advances and Deposits | B-18 | 1410537.00 |
| | Total Current Assets, Loans and Advances | | 26420032.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 63987914.00 |

ഡെപ്യൂട്ടി ഡയറക്ടർ

| | Anakkara Grama Panchayat<br>INCOME & EXPENDITURE STATEMENT | | |
|---|---|---|---|
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3892492.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 246500.00 |
| 140000000 | Fee & User Charges | I-4(b) | 788268.00 |
| 150000000 | Sale & Hire Charges | I-5(b) | 279906.00 |
| 160000000 | Revenue Grants, Funds, Contributions & Compensations /<br>Subsidies | I-6 | 137352355.00 |
| 170000000 | Income from Investments | I-7 | 67432.00 |
| 171000000 | Interest Earned | I-8 | 44389.00 |
| 180000000 | Other Income | I-9 | 350.00 |
| | Total Income | | 142671692.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8677364.00 |
| 220000000 | Administrative Expenses | I-11(b) | 1152077.00 |
| 230000000 | Operations & Maintenance | I-12(b) | 2693586.00 |
| 240000000 | Interest & Finance Charges | I-13 | 958.00 |
| 250000000 | Decentralised Plan Programme-Productive Sector /<br>Programme Expenses | I-14 | 8141855.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 30493269.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 891020.00 |
| 253000000 | Decentralised Plan Programme-Projects not included in<br>Sector Division | I-14(c) | 1736799.00 |
| 254000000 | Expenditures of Transfered Institutions and State Sponsored<br>Schemes (not included under Decentralized Plan Programme) | I-14(d) | 63917924.00 |
| 255000000 | Maintenance Projects | I-14(e) | 22137503.00 |
| 260000000 | Grants, Contributions & Compensation from Own Fund /<br>Subsidies | I-15 | 5000.00 |
| 272000000 | Depreciation | I-17(a) | 3892971.00 |
| | Total Expenditure | | 143740326.00 |
| | Gross Surplus/ Deficit of income over Expenditure | | -1068634.00 |
| 280000000 | Prior Period Item | I-18 | -4599834.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 3531200.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ

| | Anakkara Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
|---|---|---|---|
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17059402.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 827470.00 |
| 140000000 | Fees & User Charges | RP-4 | 564768.00 |
| 150000000 | Sale & Hire Charges | RP-5 | 279906.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 65662328.00 |
| 171000000 | Interest Earned | RP-9 | 44389.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7057418.00 |
| 340000000 | Deposits Received | RP-34 | 1000.00 |
| 350000000 | Other Liabilities | RP-36 | 301816.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 67432.00 |
| 180000000 | Other Income | RP-10 | 350.00 |
| 330000000 | Secured Loans | RP-32 | 332325.00 |
| 340000000 | Deposits Received | RP-34 | 104123.00 |
| 350000000 | Other Liabilities | RP-36 | 608734.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3380048.00 |
| 460000000 | Loans, Advances and Deposits | RP-47 | 3000.00 |
| | Grand total | | 96294509.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2288443.00 |
| 220000000 | Administrative Expenses | RP-12 | 1152077.00 |
| 230000000 | Operations & Maintenance | RP-13 | 2693586.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8092076.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23543491.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 940799.00 |
| 253000000 | Decentralised Plan Programme- Projects not included in<br>Sector Division | RP-18 | 1736799.00 |
| 254000000 | Expenditures of Transferred institutions and State Sponsored<br>Schemes | RP-19 | 273824.00 |
| 255000000 | Maintenance Projects | RP-20 | 22137503.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 5000.00 |
| 280000000 | Prior Period item | RP-26 | -205495.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1377421.00 |
| 340000000 | Deposits Received | RP-34 | 500.00 |
| 350000000 | Other Liabilities | RP-36 | 4677385.00 |

| | | | |
|---|---|---|---|
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 958.00 |
| 280000000 | Prior Period Item | RP-26 | -8430.00 |
| 340000000 | Deposits Received | RP-34 | 85250.00 |
| 350000000 | Other Liabilities | RP-36 | 1734296.00 |
| 410000000 | Fixed Assets | RP-38 | 4849417.00 |
| 412000000 | Capital work in Progress | RP-40 | 949182.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5196442.00 |
| 460000000 | Loans, Advances and Deposits | RP-47 | 1264266.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13509719.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 96294509.00 |

ഡെപ്യൂട്ടി ഡയറക്ടർ